"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മണ്ണാർക്കാട് - 2025 ജനുവരി 18 മുതൽ ഫെബ്രുവരി 28 വരെ നടക്കുന്ന അഖിലേന്ത്യാ സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റിന് വിനോദ നികുതി ഈടാക്കാവുന്ന കുറഞ്ഞ നിരക്കിൽ 50% ഇളവ് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.399/2025/LSGD തീയതി,തിരുവനന്തപുരം, 09-02-2025

---

പരാമർശം:-

1. മണ്ണാർക്കാട് ഫുട്ബോൾ അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ കത്ത്.
2. മണ്ണാർക്കാട് മുനിസിപ്പാലിറ്റി ഭരണ സമിതിയുടെ 26/11/2024 തീയതിയിലെ 28/ നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

2025 ജനുവരി 18 മുതൽ ഫെബ്രുവരി 28 വരെ മണ്ണാർക്കാട് അഖിലേന്ത്യാ സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റ് നടത്തി വരികയാണെന്നും പാലിയേറ്റിവ് പ്രവർത്തനങ്ങൾ, സി എച്ച് ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനങ്ങൾ, രോഗികൾക്കുള്ള ധനസഹായങ്ങൾ, നിർധരായ വിദ്യാർത്ഥികൾക്കുള്ള പഠന ധനസഹായങ്ങൾ, കായികരംഗത്ത് വളർന്നു വരുന്ന ഫുട്ബോൾ താരങ്ങൾക്കുള്ള പരിശീലന പ്രവർത്തനങ്ങൾ തുടങ്ങിയ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കു വേണ്ടിയാണ് ടൂർണ്ണമെന്റ് സംഘടിപ്പിക്കുന്നതെന്നും മേൽ സാഹചര്യത്തിൽ പ്രസ്തുത ടൂർണ്ണമെന്റിനെ വിനോദ നികുതിയിൽ നിന്നും ഒഴിവാക്കണമെന്നും പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിരുന്നു. ഈ വിഷയം പരിഗണിച്ച മണ്ണാർക്കാട് മുനിസിപ്പാലിറ്റി ഭരണ സമിതി സർക്കാർ അനുമതിക്ക് വിധേയമായി വിനോദ നികുതി ഒഴിവാക്കുന്നതിന് പരാമർശം 2 പ്രകാരം തീരുമാനം കൈക്കൊണ്ടിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഈ വിഷയത്തിന്മേൽ പരാമർശം രണ്ട് പ്രകാരം മണ്ണാർക്കാട് മുനിസിപ്പാലിറ്റി ഭരണ സമിതി കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2025 ജനുവരി 18 മുതൽ ഫെബ്രുവരി 28 വരെ നടക്കുന്ന മണ്ണാർക്കാട് അഖിലേന്ത്യാ സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റിന് ഈടാക്കുന്ന വിനോദ നികുതിക്ക്, വിനോദ നികുതി ജീവകാരുണ്യ പ്രവർത്തനങ്ങൾക്കാണ് ഉപയോഗിക്കേണ്ടത് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, Kerala Local Authorities Entertainment Tax Act, Section 7 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് വിനോദ നികുതി ഈടാക്കാവുന്ന കുറഞ്ഞ നിരക്കിൽ 50% ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നിസ്സാം എസ് എ

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, മണ്ണാർക്കാട് മുനിസിപ്പാലിറ്റി
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ് & എ&ഇ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപ്പുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഐ & പി. ആർ.ഡി - വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി ( RC2/26/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Pradeesh M.
Date: 10-02-2025 15:04:38

സെക്ഷൻ ഓഫീസർ